കടവൂർ ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1774 [2696] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കടവൂർ ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജകമണ്ഡലത്തിൽ കടവൂർ ഹരിജൻ കോളനിയോ ഹരിജൻ സങ്കേതമോ ഇല്ല. എന്നാൽ കടവൂർ ഹരിജൻ സങ്കേതമുണ്ട്. അവിടെ 1982 ഏപ്രിൽ മുതൽ 198 സെപ്റ്റംബർ വരെ 12 വീടുകളും വയറിംഗ് ചെയ്യുന്നതിനും 19 കക്കൂസുകളും നിർമ്മിക്കുന്നതിനും 24 കുളിമുറികളും നിർമ്മിക്കുന്നതിനും 7 വീടുകളും ഓല മേയുന്നതിനും 2 വീടുകളും ഓടു മേയുന്നതിനും 5 പേർക്ക് വീടുവെയ്ക്കുന്നതിനും സാങ്കേതിക പരിശീലനം നേടിയ രണ്ടു പേർക്ക് തൊഴിൽ ചെയ്യുന്നതിനും, ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഒരാൾക്ക് മിശ്രവിവാഹ ധനസഹായവും നൽകിയിട്ടുണ്ട്.

കൊച്ചാരംപൊയ്ക ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1775 [2697] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കൊച്ചാരംപൊയ്ക ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജക മണ്ഡലത്തിലെ കൊച്ചാരംപൊയ്ക എന്ന സ്ഥലത്ത് പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള ഹരിജൻ കോളനിയോ ഹരിജൻ സങ്കേതമോ ഇല്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

പരമേശ്വരം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1776 [2698] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ പരമേശ്വരം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇവിടെ അംഗീകൃത ഹരിജൻ കോളനി ഇല്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly